LIBRARY ARCHIVES Kerala Legislative Assembly

സിൽവർലൈൻ പദ്ധതി

13(*283) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പദ്ധതിക്കായുള്ള വിദേശവായ്പാ തിരിച്ചടവ് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ വച്ചിരുന്നോ; സംസ്ഥാനം ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കാമോ?

സിൽവർലൈൻ പദ്ധതിക്കായി 33,700 കോടി രൂപയുടെ വിദേശവായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ മന്ത്രാലയത്തിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് വിദേശധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പകൾക്കായി സമർപ്പിക്കുന്നതാണ് നടപടിക്രമം. ജൈക്ക, എ.ഡി.ബി, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ. എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാനാണ് പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ടുമെന്റ് ഓഫ് എക്സ്പെൻഡിച്ചർ വിഭാഗങ്ങൾ പദ്ധതി വിശദവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. കേരള സർക്കാരും കേന്ദ്ര സർക്കാരും തമ്മിലുള്ള ജോയിന്റ് വെൻച്വർ കരാർ പ്രകാരം പദ്ധതിയിൽ സാമ്പത്തിക നഷ്ടം ഉണ്ടായാൽ അത് പദ്ധതിയിലുള്ള ഓഹരിയുടെ അനുപാതത്തിൽ ഏറ്റെടുക്കേണ്ടതാണ്. സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി ഇനിയും കിട്ടേണ്ടതുണ്ട്. പദ്ധതി ഇപ്പോൾ റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ 2021 ജൂൺ 22-ന് കൂടിയ സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതി പരിഗണിക്കുകയും പദ്ധതിയുടെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" വായ്പാ തിരിച്ചടയ്ക്കാൻ പരാജയപ്പെട്ടാൽ ആ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന അണ്ടർടേക്കിംഗ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണോ റെയിൽപാതയുടെ വിന്യാസമെന്ന് അറിയിക്കുമോ; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ കണക്കാക്കിയിരിക്കുന്നത്.

ആരാധനാലയങ്ങൾ തുറക്കുന്നതിനുള്ള അനുമതി

14(*284) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

വെള്ളിയാഴ്ചയിലെ ജുമാ നമസ്കാരത്തിന് മുസ്ലീം പള്ളികളും ഞായറാഴ്ച പ്രാർത്ഥനകൾക്കായി ക്രൈസ്തവ ദേവാലയങ്ങളും ക്ഷേത്രങ്ങളും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിന് ശാസ്ത്രീയമായതും ചിട്ടയായതും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുമുള്ള രോഗ നിയന്ത്രണ മാർഗ്ഗങ്ങളും മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങളുമാണ് സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ (TPR) അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ച് പ്രസ്തുത പ്രദേശങ്ങളിൽ അനുവദനീയമായ മേഖലകൾക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി രോഗവ്യാപനത്തോതും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും കുറവുള്ള എ, ബി എന്നീ കാറ്റഗറികളിലുൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളിൽ കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനത്തിന് അനുമതി നൽകിയിട്ടുണ്ട്. അതുകൂടാതെ സവിശേഷ ആഘോഷ വേളകളിൽ (Special occasions of celebrations) പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ രോഗ വ്യാപന തീവ്രത കുറയ്ക്കുന്നതിന് അനിവാര്യമാണ്. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി നിലവിലെ സാഹചര്യം നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിദഗ്ധ സമിതിയുടെ ശിപാർശകൾ പരിഗണിച്ചും സംസ്ഥാനത്തിന്റെ സാഹചര്യം സൂക്ഷ്മം വിലയിരുത്തിയും നിയന്ത്രണങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ മാറ്റം വരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly